(സി) സംസ്ഥാനത്തെ പിന്നോക്ക ജില്ലകളായ കാസർഗോഡ്, ഇടുക്കി, പത്തനംതിട്ട, വയനാട് ജില്ലകളിൽ വികസന അതോറിറ്റി നിലവിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വികസന അതോറിറ്റികളുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഇ) വികസന അതോറിറ്റികളുടെ പ്രവർത്തനം തിട്ടപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ ഉന്നതതലസമിതി രൂപീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ)&(ബി)ഉണ്ട്. വികസന അതോറിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു നൽകാൻ നിയുക്തമായിരുന്ന ബാലചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെയും പഞ്ചായത്ത് നഗരപാലികാ നിയമങ്ങൾ അനുസരിച്ച് ആസൂത്രണവും വികസനവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്നതിനാൽ വികസന അതോറിറ്റികൾ നിർത്തലാക്കണമെന്ന അധികാരവികേന്ദ്രീകരണ (സെൻ) കമ്മിറ്റിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ വികസന അതോറിറ്റികളുടെ പ്രവർത്തനങ്ങളെപ്പറ്റി പഠിച്ച് വീണ്ടുമൊരു റിപ്പോർട്ടുനൽകുന്നതിന് തദ്ദേശഭരണവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. ജയിംസ് വർഗ്ഗീസിനെ നിയമിച്ചിരുന്നു. അദ്ദേഹത്തിന്റെ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി)&(ഡി) കാസർഗോഡ്, ഇടുക്കി ജില്ലകളിൽ വികസന അതോറിറ്റി നിലവിലുണ്ട്. ഇവയുടെ പ്രവർത്തനം സാധാരണഗതിയിൽ നടന്നുവരുന്നു.

(ഇ) ഇത്തരം നിർദ്ദേശം പരിഗണനയിലില്ല.

14 (*134) ടെക്സ്റ്റയിൽ വ്യവസായം പുനരുദ്ധരിക്കുന്നതിന് നടപടികൾ

ശ്രീ. ജോസ് ബേബി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്സ്റ്റയിൽ വ്യവസായം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ടെക്സ്റ്റയിൽ വ്യവസായ പുനഃസംഘടനയ്ക്കായി സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ;

(സി) ഈ കമ്മിറ്റിയുടെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(ഡി) പ്രസ്തുത കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(ഇ) ടെക്സ്റ്റയിൽ വ്യവസായത്തിന്റെ പുനഃസംഘടനയ്ക്കും പുനരുദ്ധാരണത്തിനുമായി കേന്ദ്രസർക്കാരിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇതിനായി കേന്ദ്ര ഗവൺമെന്റ് മുമ്പാകെ സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്തെ സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും എല്ലാ തുണിമില്ലുകളുടെയും സമഗ്ര നവീകരണത്തിനും മറ്റ് അത്യന്താപേക്ഷിതമായ മൂലധനപുനഃക്രമീകരണത്തിനുമായി 97 കോടി രൂപ പ്രതീക്ഷിക്കുന്ന ഒരു മാസ്റ്റർ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് രൂപം നൽകിയ വ്യവസായ പുനരുദ്ധാരണ നിധിയും കേന്ദ്ര ഗവൺമെന്റിന്റെ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നുള്ള കുറഞ്ഞ നിരക്കിലുള്ള ദീർഘകാല വായ്പകളും കൂട്ടിച്ചേർത്ത് നവീകരണ പദ്ധതികൾ നടപ്പിലാക്കാമെന്ന് ഉദ്ദേശിക്കുന്നു.

(ബി) ടെക്സ്റ്റയിൽ വ്യവസായ പുനസംഘടനക്കായി സർക്കാർ കമ്മിറ്റിയൊന്നും രൂപീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും എല്ലാ മില്ലുകളുടെയും പ്രശ്നങ്ങളെക്കുറിച്ചു പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് കിട്ടിയിട്ടുണ്ട്.

(സി) 1. വ്യവസായ വകുപ്പു സ്പെഷ്യൽ സെക്രട്ടറി - ചെയർമാൻ

2. കേരള സംസ്ഥാന ടെക്സ്റ്റയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ - കൺവീനർ

3. സംസ്ഥാന കൈത്തറി - ടെക്സ്റ്റയിൽ അംഗം - ഡയറക്ടർ

4. സെക്രട്ടറി - റിയാബ് - അംഗം

(ഡി) ടി കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ താഴെപ്പറയുന്നവയാണ്.

1. സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും എല്ലാ തുണിമില്ലുകളുടെയും (ഹാന്റക്സും, ഹാൻവീവും ഒഴികെ) 97 കോടിയോളം രൂപയുടെ ദീർഘകാല മുതൽമുടക്കൽ.

2. ആധുനിക ഗുണനിലവാരവും ഉല്പന്നങ്ങളും ലഭ്യമാക്കത്തക്ക രീതിയിൽ നിലവിലുള്ള മില്ലുകളുടെ നവീകരണം.

3. ഗവൺമെന്റ് വായ്പ ഓഹരിയാക്കി മാറ്റുക വഴി ആവശ്യമായ ദീർഘകാല വായ്പകൾ ലഭിക്കത്തക്കവിധം മൂലധനം പുനക്രമീകരിക്കൽ.

4. യന്ത്രസാമഗ്രികളുടെ നവീകരണത്തോടൊപ്പം തൊഴിലാളികളുടെ കാര്യക്ഷമത വ്യവസായത്തിലെ മുൻനിരക്കാരോടൊപ്പം ഉയർത്തുകയും അധികമായിവരുന്ന തൊഴിലാളികളെ സ്വയം പിരിഞ്ഞുപോകൽ പദ്ധതിപ്രകാരം പിരിഞ്ഞുപോകുവാനും അനുവദിക്കുക.

5. ചീഫ് എക്സിക്യൂട്ടീവുകളെ തിരഞ്ഞെടുക്കുന്നത് കഴിവുകളുടെയും/ യോഗ്യതകളുടെയും മാനദണ്ഡത്തിലാക്കുകയും മറ്റു അനുയോജ്യമായ മാനേജ്മെന്റ് രീതിയിൽ നടപ്പിലാക്കുകയും ചെയ്യുക.

6. ടെക്സ്റ്റയിൽ മില്ലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ മേഖലയിലെ എല്ലാ പ്രധാന കാര്യങ്ങളെക്കുറിച്ചും ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട ഉപദേശങ്ങൾ നൽകുന്നതിനുമായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുക.

(ഇ) ഇല്ല. എന്നാൽ കേന്ദ്രസർക്കാരിന്റെ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നും ധനകാര്യസ്ഥാപനങ്ങൾ വഴി അഞ്ചു ശതമാനം പലിശയിളവിൽ തുണിമില്ലുകൾക്ക് അവയുടെ യന്ത്രസാമഗ്രികളുടെ നവീകരണത്തിനുവേണ്ടി ദീർഘകാല വായ്പകൾ ലഭ്യമാണ്.

(എഫ്)&(ജി)ടെക്സ്റ്റയിൽ മേഖലയുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച 25,000 കോടി രൂപയുടെ ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ആദ്യം പ്രഖ്യാപിക്കപ്പെട്ടപ്പോൾ സ്പിന്നിംഗ് മില്ലുകൾക്ക് അതിന്റെ പ്രയോജനം ഉദ്ദേശിക്കപ്പെട്ടിരുന്നില്ല. സംസ്ഥാനത്തെ മില്ലുകളിൽ ഭൂരിഭാഗവും സ്പിന്നിംഗ് മില്ലുകൾ ആയതിനാൽ അവയുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന ഗവൺമെന്റ് ടി ഫണ്ടിന്റെ പ്രയോജനം സ്പിന്നിംഗ് മില്ലുകൾക്കും ലഭ്യമാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായി. തൽഫലമായി 1999-2000-ാം മാണ്ടിലേക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ ഈ ഫണ്ടിന്റെ പ്രയോജനം സ്പിന്നിംഗ് മില്ലുകൾക്കുംകൂടി ലഭ്യമാകുന്നതാണെന്ന് പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. സംസ്ഥാനത്തെ പൊതുമേഖലയിലെയും സഹകരണമേഖലയിലെയും സ്പിന്നിംഗ് മില്ലുകൾ അവയുടെ നവീകരണ പദ്ധതികൾക്കാവശ്യമായ ദീർഘകാല വായ്പാ അപേക്ഷകൾ (മേൽവിവരിച്ച പലിശയിളവോടെയുള്ള) പ്രത്യേകമായി ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്കിൽ സമർപ്പിക്കുന്നതാണ്. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ നവീകരണത്തിനുവേണ്ടിയുള്ള ദീർഘകാല വായ്പയ്ക്കായി യോഗ്യമായ അപേക്ഷകൾ തയാറാക്കിക്കൊണ്ടിരിക്കുകയാണ്.

15 (*135) താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃവിഭജനം

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കുകളും, വില്ലേജുകളും പുനഃവിഭജനം നടത്തുന്നതു സംബന്ധിച്ച് സർക്കാർ നിയമിച്ച ബാബുപോൾ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പുതിയ താലൂക്കുകളുടെയും വില്ലേജുകളുടെയും രൂപീകരണം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) പുതിയ താലൂക്കുകളുടെയും, വില്ലേജുകളുടെയും രൂപീകരണത്തിൽ ജനസംഖ്യയും, വിസ്തീർണ്ണവും പ്രധാന മാനദണ്ഡമായി അംഗീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly